**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3875** **15-07-2022 - ൽ മറുപടിയ്ക്ക്**

**പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് സംവിധാനമുള്ളതെന്ന് ആശുപത്രികളുടെ പേര്, പ്രവർത്തനക്ഷമമായ യൂണിറ്റുകളുടെ എണ്ണം എന്നിവ സഹിതം വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി വ്യാപകമാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലായി എത്ര പേർക്ക് ഈ സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (ബി) | വൃക്കരോഗികളുടെ രക്തശുദ്ധീകരണത്തിന് പകരം അവരുടെ വയറിനുള്ളിലെ പെരിറ്റോണിയൽ ക്യാവിറ്റിയിൽ ഡയാലിസിസ് ദ്രാവകം നിറച്ച് രക്തം ശുദ്ധിയാക്കുന്ന പ്രക്രിയയാണ് പെരിറ്റോണിയൽ ഡയാലിസിസ്. ഇത് ഒരിക്കൽ കത്തീറ്റർ പ്രവേശിപ്പിച്ച് കഴിഞ്ഞാൽ രോഗികൾക്ക് തന്നെ വീട്ടുകളിൽവച്ച് സ്വയം ചെയ്യാവുന്ന ഒരു പ്രക്രിയയാണ്. ഇതിന് ഉപകരണങ്ങളോ യന്ത്രസാമഗ്രികളോ ഒന്നും ആവശ്യമില്ലാത്തതും, അണുവിമുക്തമായ ഒരു പ്രൊസീജിയർ റൂമിന്റെ ആവശ്യകത മാത്രമുള്ള ഒരു പ്രക്രിയയുമാണ്. പാലക്കാട് ജില്ലയിൽ ജില്ലാ ആശുപത്രിയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ 71 രോഗികൾക്കാണ് പാലക്കാട് ജില്ലയിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. പെരിറ്റോണിയൽ ഡയാലിസിസിന് ആവശ്യമായ കത്തീറ്ററുകളും ഡയാലിസിസ് ഫ്ലൂയിഡും മറ്റ് അനുബന്ധ സാമഗ്രികളും സൗജന്യമായിട്ടാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പാലക്കാട് ജില്ലയിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

| നം | സ്ഥാപനം | യൂണിറ്റ് | പ്രവർത്തനക്ഷമമായ മെഷീനുകളുടെ/ ബെഡുകളുടെ എണ്ണം |
|---|---|---|---|
| 1. | ജില്ലാ ആശുപത്രി, പാലക്കാട് | 1 | 12 |
| 2. | ജി.റ്റി.എസ്.എച്ച്, കോട്ടത്തറ | 1 | 4 |
| 3. | താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം | 1 | 25 |
| 4. | താലൂക്ക് ആസ്ഥാന ആശുപത്രി, മണ്ണാർക്കാട് | 1 | 10 |
| 5. | താലൂക്ക് ആസ്ഥാന ആശുപത്രി, ചിറ്റൂർ | 1 | 4 |
| 6. | സാമൂഹികാരോഗ്യ കേന്ദ്രം, ചാലിശ്ശേരി | 1 | 5 |
| 7. | സി.എച്ച്.സി ഷൊർണ്ണൂർ | 1 | 4 |
| 8. | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ | 1 | 5 (പ്രവർത്തനം ഉടനടി ആരംഭിക്കുന്നതാണ്.) |